# വി. ചാവറപിതാവിന്റെ തിരുനാൾ

## - Group Prayer

മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ ഞാൻ നിന്നെ മറക്കുകയില്ല. ഇതാ നിന്നെ ഞാൻ എന്റെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, അങ്ങയുടെ സാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്ന ഈ പരിശുദ്ധമായ ഈ ദേവാലയത്തിൽ മുഴുമനസ്സോടെ അങ്ങയുടെ - സന്നിധിയിൽ ഞങ്ങളായിരിക്കുന്നു. അചഞ്ചലമായ അങ്ങയുടെ സ്നേഹത്തിന്റെ മാധുര്യം ആസ്വദിക്കാൻ അനുനിമിഷവും ഞങ്ങളെ മാടിവിളിക്കുന്ന ദൈവമേ, അങ്ങയുടെ തിരുമുമ്പിൽ ആയിരിക്കുന്ന ഈ നിമിഷങ്ങളിൽ ഞങ്ങളെത്തന്നെ ശാന്തമാക്കി കരുതലിന്റെ കരം പിടിച്ച് ഞങ്ങളെ നയിക്കുന്ന അങ്ങയുടെ സ്നേഹം ഞങ്ങളനുഭവിക്കട്ടെ.

ഭജൻ :- കൂടെയിരിക്കാൻ കൂടുതലിഷ്ടം.....

കൂട് ചലിപ്പിക്കുകയും കുഞ്ഞുങ്ങളുടെ മുകളിൽ ചിറകടിക്കുകയും വിരിച്ച ചിറകുകളിൽ കുഞ്ഞുങ്ങളെ വഹിക്കുകയും ചെയ്യുന്ന കഴുകനെപ്പോലെ അവനെ നയിച്ചത് കർത്താവാണ്. നിത്യവും ഞങ്ങളെ വഴിനടത്തുന്ന നല്ല ദൈവമേ, അങ്ങയുടെ ആഴമായ സ്നേഹവും കരുതലും ആവോളം അനുഭവിച്ച് ആ സ്നേഹം മക്കളായ ഞങ്ങളെ ഓരോരുത്തർക്കും പകർന്നേകിയ വി. ചാവറപിതാവിന്റെ തിരുനാൾ അനുസ്മരിക്കുന്ന ഈ വേളയിൽ വി. ചാവറപിതാവിനോട് ചേർന്ന് ഞങ്ങളങ്ങയോട് നന്ദി പറയുന്നു. നല്ല ദൈവമേ, ഞങ്ങൾക്കു മാതൃകയും മധ്യസ്ഥനുമായി അങ്ങ് എടുത്തുയർത്തിയ ചാവറപിതാവിന്റെ ഓർമയ്ക്കു മുമ്പിൽ ഞങ്ങളിതാ ശിരസ്സു നമിക്കുന്നു. ദൈവാത്മാവിന്റെ വരദാനഫലങ്ങളാൽ അലംകൃതനായിരുന്ന ഈ പുണ്യപിതാവിന്റെ ജീവിതചൈതന്യത്തിലേക്ക് നമ്മുടെ ഹൃദയങ്ങളെ നമ്മുക്കുയർത്താം. ഉപാസനചെയ്ത പരിശുദ്ധാരൂപിയുടെ കൈയ്യൊപ്പാൽ ദൈവികമനുഷ്യനായി തീർന്ന്, മലയാളത്തിലെ സ്ത്രീകൾക്ക് തങ്ങളുടെ ജീവിത പാതയിൽ വ്യക്തം ആയ ദൈവികഛായ പകർന്ന്, കാലത്തിനൊപ്പം, അപ്പുറവും കാണുവാൻ ഉള്ള അസാമാന്യസിദ്ധിവിശേഷം സ്വന്തമാക്കി, സാധാരണ സാഹചര്യങ്ങളിൽ ജനിച്ച്, സാധാരണരീതിയിൽ വളർന്ന്, സന്യാസജീവിതം സമ്മാനിച്ച സഹിന

സമ്പൂർണ്ണപാതകൾ നടന്നുനീങ്ങി പൗരോഹിത്യത്തിന്റെ പാതകൾ കയറിയ വി. ചാവറ പിതാവിന്റെ ജീവിതം നമ്മുക്കു മുൻപിൽ എന്നും ഒരു വഴിവിളക്കാണ്. ദൈവത്തെ തന്റെ സ്വന്തം അപ്പനായി അനുഭവിച്ച അദ്ദേഹത്തിന് ആ ദിവ്യസാന്നിദ്ധ്യം തന്നെ സർവ്വസ്വവുമായിരുന്നു. എന്റെ മനോഗുണമുള്ള അപ്പാ നിന്റെ തിരുമനസ്സല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല എന്ന് പറയുവാൻ ചാവറ പിതാവിനെ പ്രാപ്തനാക്കിയതും ഈ പുത്രാനുഭവം തന്നെയായിരുന്നു. സ്വന്തം പാപാവസ്ഥയെ കുറിച്ചുള്ള അവബോധവും പുത്രനെന്ന നിലയിൽ താൻ സ്വീകരിച്ച ദൈവകരുണയുടെ എണ്ണമറ്റ അനുഭവങ്ങളെ പ്രതിയുള്ള കൃതജ്ഞതാഭാവവുമാണ് അദ്ദേഹത്തെ ഈ അബ്ബാനുഭവത്തിൽ ആഴപ്പെടുത്തിയത്. ജീവിതത്തിലുടനീളം ദൈവപിതാവിന്റെ സ്നേഹം തൊട്ടറിഞ്ഞ ഈ പുണ്യ പിതാവിന്റെ ഹൃദയത്തിൽ നിന്ന് നന്ദിയുടെ ഈരടികൾ അവിരാമം ഒഴുകികൊണ്ടിരുന്നു.

Song : മമപിതാവു നീയേ , ഭാഗ്യവുമെനിക്കു നീ....

അങ്ങയുടെ വചനങ്ങൾ കണ്ടെത്തിയപ്പോൾ ഞാൻ അവ ഭക്ഷിച്ചു. അവ എനിക്ക് ആനന്ദാമൃതമായി. എന്റെ ഹൃദയത്തിനു സന്തോഷവും. എന്തെന്നാൽ സൈന്യങ്ങളുടെ ദൈവമായ കർത്താവേ ഞാൻ അങ്ങയുടെ നാമമാണല്ലോ വഹിക്കുന്നത്! തിരുവചനത്താൽ നിത്യവും ഞങ്ങളെ വഴി നടത്തുന്ന ദൈവമേ, അങ്ങയുടെ അനന്ത പരിപാലനയുടെ ആഴങ്ങളെ അനുഭവിച്ചറിഞ്ഞ ചാവറയച്ചനോടു ചേർന്ന് അങ്ങേ ദിവ്യസ്വരത്തിനായി ഞങ്ങൾ കാതോർക്കുന്നു.

വായന : മത്താ:6:25-34.

നിങ്ങൾക്കിതെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ സ്വർഗ്ഗീയ-പിതാവ് അറിയുന്നു. വി. ചാവറപിതാവ് ജീവിതത്തിലുടനീളം പ്രതിസന്ധികളിൽ തളരാതെ തന്നെ പൂർണ്ണമായി ദൈവപിതാവിന്റെ പരിപാലനയ്ക്കു ഭരമേല്പിച്ച് ധീരതയോടെ മുന്നേറി. ഹാ! പ്രിയകുഞ്ഞുങ്ങളെ സർവ്വേശ്വരൻ തമ്പുരാൻ നമ്മുടെ കർത്താവ് എങ്ങനെ നമ്മുടെ കാര്യം വിചാരിച്ചു നടപ്പാക്കുന്നു എന്ന് ഓർമ്മിപ്പിൻ എന്ന ചാവറ പിതാവിന്റെ വാക്കുകൾ ഈ സമയം നമ്മുക്കോർക്കാം. ദൈവപിതാവിന്റെ പരിപാലനയിൽ പ്രത്യാശയർപ്പിച്ചും ഈശോയുടെ രക്ഷാകര സ്നേഹം അനുഭവിച്ചും പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങൾ ശ്രവിച്ചും വി. ചാവറയച്ചന്റെ മാതൃക ഉൾക്കൊണ്ട് നമ്മുടെ ആത്മചൈതന്യം ആഴത്തിലും ധീരതയോടുംകൂടി ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെ എന്ന പ്രാർത്ഥനയോടെ നമ്മുടെ ഉള്ളിൽ നിന്നുയരുന്ന എല്ലാ അർത്ഥനകളും വി. ചാവറപിതാവിന്റെ മാദ്ധ്യസ്ഥത്തിലൂടെ നല്ല ദൈവത്തിന് നമ്മുക്കു സമർപ്പിക്കാം.

കാഴ്ചവസ്തുസ..

അത്യുന്നതനായ കർത്താവേ, അങ്ങേയ്ക്കു കൃതജ്ഞതയർപ്പിക്കുന്നതും അങ്ങയുടെ നാമത്തിൽ സ്തുതികളാലപിക്കുന്നതും എത്ര ശ്രേഷ്ഠം എന്ന് ഉദ്ഘോഷിക്കുന്ന സങ്കീർത്തകന്റെ ഹൃദയവികാരങ്ങളോട് ഉൾച്ചേർന്ന് ഒരിക്കൽകൂടി ഞങ്ങളുടെ എല്ലാ പ്രാർത്ഥനാ നിയോഗങ്ങളെയും അങ്ങേയ്ക്ക് സമർപ്പിക്കുന്നു. നല്ല ദൈവമേ, പിന്നിട്ട ഒരു വർഷം അങ്ങയുടെ അനന്ത പരിപാലനയാലും കാരുണ്യത്താലും അങ്ങ് ഞങ്ങളിലേക്ക് വർഷിച്ച എല്ലാ അനുഗ്രഹങ്ങളെയും ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. അതോടൊപ്പം ഈ പുതിയവർഷത്തെ പൂർണ്ണമായും അനുഗ്രഹത്തിനായി സമർപ്പിക്കുന്നു. പ്രത്യേകിച്ച് ഞങ്ങളെ ഓരോരുത്തരെയും സമർപ്പിക്കുന്നു.
അങ്ങയുടെ മഹത്വത്തിനുതകും വിധം ഞങ്ങളുടെ ജീവിതങ്ങളെ ക്രമപ്പെടുത്തുവാൻ ആത്മാവിന്റെ കൃപകളാൽ ഞങ്ങളെ നിറയ്ക്കണമെ. ഒരിക്കൽ കൂടി വി. ചാവറപിതാവിലൂടെ ദൈവം നമ്മിലേക്കു ചൊരിയുന്ന അനുഗ്രഹങ്ങൾക്കു നന്ദി പറഞ്ഞുകൊണ്ട് സ്തോത്രഗീതം പാടിക്കൊണ്ട് ദൈവത്തെ വാഴ്ത്താം.

സ്തോത്രഗീതം.